**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 368**
**04.02.2020-ന് മറുപടി നൽകേണ്ടത്**

## നിഷ്ക്രിയ ആസ്തി

| | ചോദ്യം | മറുപടി |
|---|---|---|
| 368 | **ശ്രീ. കെ.എൻ.എ ഖാദർ** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി 2019 ഡിസംബർ 31 ലെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി 31.03.2019 - ലെ കണക്കുകൾപ്രകാരം 5.77 ശതമാനമാണുള്ളത്. 2019 ഡിസംബർ 31 -ലെ കണക്ക് സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |
| ബി | ഇപ്രകാരമുള്ള നിഷ്ക്രിയ ആസ്തി തിരികെ ഈടാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | 1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട്, ആർ.ആർ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും, സർഫേസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളുമാണ് നിഷ്ക്രിയ ആസ്തികൾ ഈടാക്കാൻ കെ.എഫ്.സി സ്വീകരിക്കുന്നത്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എഫ്.സി. യിൽ എഴുതിത്തള്ളിയ വായ്പകൾ എത്രയാണെന്ന് അറിയിക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഒരു വായ്പയും എഴുതിതള്ളിയിട്ടില്ല. |
| ഡി | നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഉണ്ട്.<br>നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ നിലവിലുള്ളതാകുന്നു.<br>1. വായ്പ അക്കൗണ്ട് പുന:ക്രമീകരിച്ച് നൽകുക.<br>2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ. |

| | | |
|---|---|---|
| | | 3. ഇതുകൂടാതെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് വേണ്ടി കോർപ്പറേഷൻ 2020 ഫെബ്രുവരി മൂന്നാംവാരത്തിൽ ഒരു മിനി അദാലത്തും സംഘടിപ്പിക്കുന്നുണ്ട്.<br>4. സെറ്റിൽമെന്റിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ, ബി പിരിവിൽ പറഞ്ഞ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**